**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **13-02-2024 - ൽ മറുപടിയ്ക്ക്**

**സി. &എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ ആകെ ലഭിച്ചതും വിതരണം ചെയ്തതുമായ തുകകൾ തമ്മിൽ 4478 കോടിയുടെ വ്യത്യാസമുണ്ട് എന്ന കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ (ഡി.ബി.റ്റി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ സി.&എ.ജി നടത്തിയ പരിശോധന റിപ്പോർട്ടിൽ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള ഡി.ബി.റ്റി-സെൽ യഥാക്രമം 7986.92, 6244.55, 10,173.42 കോടി രൂപ ഉൾപ്പെടെ ആകെ 24,404.89 കോടി രൂപയുടെ പെൻഷൻ വിതരണം ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ കമ്പനിയിൽ നിന്ന് പെൻഷൻ വിതരണത്തിനായി യഥാക്രമം 4654.96, 5044.52, 10226.56 കോടി രൂപ ഉൾപ്പെടെ 19,926.04 കോടി രൂപ മാത്രമേ ആകെ അനുവദിച്ചിരുന്നുള്ളു. ഇപ്രകാരമാണ് ആകെ കമ്പനിയിൽ നിന്നും അനുവദിച്ച തുകയും ഡി.ബി.റ്റി-സെൽ വിതരണം ചെയ്ത തുകയും തമ്മിൽ 4478 കോടിയുടെ വ്യത്യാസം ഉണ്ടായിട്ടുള്ളത്. കമ്പനി അനുവദിച്ച തുകയ്ക്കു പുറമേ ബജറ്റ് വിഹിതവും പെൻഷൻ വിതരണം ചെയ്തതിലെ Unspent Balance -ഉം കൂടി ഉപയോഗിച്ച് ഡി.ബി.റ്റി സെൽ പെൻഷൻ വിതരണം ചെയ്തത് മൂലമാണ് ഇപ്രകാരം വ്യത്യാസം ഉണ്ടായിട്ടുള്ളത്. |
| (ബി) | ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന സി. &എ.ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ (ഡി.ബി.റ്റി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ സി.&എ.ജി നടത്തിയ പരിശോധന റിപ്പോർട്ടിൽ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള ഡി.ബി.റ്റി-സെൽ യഥാക്രമം 7986.92, 6244.55, 10,173.42 കോടി രൂപ ഉൾപ്പെടെ ആകെ 24,404.89 കോടി രൂപയുടെ പെൻഷൻ വിതരണം ചെയ്തതായി |

| | | | |
|---|---|---|---|
| | | | പരാമർശിച്ചിട്ടുണ്ട്. എന്നാൽ കമ്പനിയിൽ നിന്ന് പെൻഷൻ വിതരണത്തിനായി യഥാക്രമം 4654.96, 5044.52, 10226.56 കോടി രൂപ ഉൾപ്പടെ 19,926.04 കോടി രൂപ മാത്രമേ ആകെ അനുവദിച്ചിരുന്നുള്ളൂ. ഇപ്രകാരമാണ് ആകെ കമ്പനിയിൽ നിന്നും അനുവദിച്ച തുകയും ഡി.ബി.റ്റി-സെൽ വിതരണം ചെയ്ത തുകയും തമ്മിൽ 4478 കോടിയുടെ വ്യത്യാസം ഉണ്ടായിട്ടുള്ളത്. കമ്പനി അനുവദിച്ച തുകയ്ക്ക് പുറമേ ബജറ്റ് വിഹിതവും പെൻഷൻ വിതരണം ചെയ്തതിലെ Unspent Balance -ഉം കൂടി ഉപയോഗിച്ച് ഡി.ബി.റ്റി സെൽ പെൻഷൻ വിതരണം ചെയ്തത് മൂലമാണ് ഇപ്രകാരം വ്യത്യാസം ഉണ്ടായിട്ടുള്ളത്. |
| (സി) | 2018-19, 2019-20 വർഷങ്ങളിൽ പെൻഷൻ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി.) സെല്ലിന്റെയും പെൻഷൻ കമ്പനിയുടെയും ഇടപാടുകണക്കുകൾ പൊരുത്തപ്പെടുന്നതല്ല എന്ന കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ (ഡി.ബി.റ്റി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ സി.&എ.ജി നടത്തിയ പരിശോധന റിപ്പോർട്ടിൽ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ പഞ്ചായത്ത് വകുപ്പിന് കീഴിലുള്ള ഡി.ബി.റ്റി-സെൽ യഥാക്രമം 7986.92, 6244.55, 10,173.42 കോടി രൂപ ഉൾപ്പടെ ആകെ 24,404.89 കോടി രൂപയുടെ പെൻഷൻ വിതരണം ചെയ്തതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ കമ്പനിയിൽ നിന്ന് പെൻഷൻ വിതരണത്തിനായി യഥാക്രമം 4654.96, 5044.52, 10226.56 കോടി രൂപ ഉൾപ്പടെ 19,926.04 കോടി രൂപ മാത്രമേ ആകെ അനുവദിച്ചിരുന്നുള്ളൂ. ഇപ്രകാരമാണ് ആകെ കമ്പനിയിൽ നിന്നും അനുവദിച്ച തുകയും ഡി.ബി.റ്റി-സെൽ വിതരണം ചെയ്ത തുകയും തമ്മിൽ 4478 കോടിയുടെ വ്യത്യാസം ഉണ്ടായിട്ടുള്ളത്. കമ്പനി അനുവദിച്ച തുകയ്ക്ക് പുറമേ ബജറ്റ് വിഹിതവും പെൻഷൻ വിതരണം ചെയ്തതിലെ Unspent Balance -ഉം കൂടി ഉപയോഗിച്ച് ഡി.ബി.റ്റി സെൽ പെൻഷൻ വിതരണം ചെയ്തത് മൂലമാണ് ഇപ്രകാരം വ്യത്യാസം ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ